**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2385** **21-01-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **Dr. T. M. Thomas Isaac**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനത്തിൽ 2020 നവംബർ, ഡിസംബർ മാസങ്ങളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (എ) | സംസ്ഥാനത്തിന്റെ 2020 നവംബർ, ഡിസംബർ ദ്വൈമാസ വരുമാനം 2019 നവംബർ, ഡിസംബർ മാസങ്ങളിലെ ജി.എസ്.ടി. വരുമാനവുമായി തട്ടിച്ച് നോക്കുമ്പോൾ ജി.എസ്.ടി. വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | 2019 നവംബർ, ഡിസംബർ മാസങ്ങളിലെ ജി.എസ്.ടി. വരുമാനവുമായി തട്ടിച്ച് നോക്കുമ്പോൾ ഉണ്ടായ വർദ്ധനവ് എത്രയാണ്; | (ബി) | മാസം 2019 2020 (രൂപ കോടിയിൽ) (രൂപ കോടിയിൽ) നവംബർ 1671.49 1610.58 ഡിസംബർ 1531.38 1846.78 ആകെ 3202.87 3457.36 |
| (സി) | കോവിഡ് മൂലം വിപണിയിൽ ഉണ്ടായ സ്തംഭനാവസ്ഥ മാറി എന്ന് വിലയിരുത്തുന്നുണ്ടോ; | (സി) | നിലവിലെ കോവിഡ് ലോക്ക് ഡൗൺ സാഹചര്യങ്ങൾ ജി.എസ്.ടി നികുതി വരുമാനത്തെ സാരമായി ബാധിച്ചിട്ടുള്ളതിനാൽ ഇതിനെക്കുറിച്ച് 2020 നവംബർ, ഡിസംബർ മാസങ്ങളിലെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്താനുള്ള സാഹചര്യമില്ല. |
| (ഡി) | ജി.എസ്.ടി. തട്ടിപ്പ് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ; അത് വരുമാനം ഉയർത്തുവാൻ എത്രമാത്രം സഹായകമായി? | (ഡി) | ജി.എസ്.ടി തട്ടിപ്പ് തടയുന്നതിന്റെ ഭാഗമായി ജി.എസ്.ടി കൗൺസിൽ എടുത്ത തീരുമാന പ്രകാരം ഇൻപുട്ട് ടാക്സ് എടുക്കുന്നതിന് ക്രമീകരണം നടപ്പിലാക്കിയിട്ടുണ്ട്. നികുതിദായകർ സമർപ്പിച്ച ഓൺലൈൻ റിട്ടേണുകളുടെ സ്ക്രൂട്ടിണി കാര്യക്ഷമമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി വരുമാനം കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനുമായി ഇ-ഇൻവോയിസിംഗ്, QRMP (Quarterly Return Monthly Payment) തുടങ്ങിയ സംവിധാനങ്ങൾ ഈ വർഷം മുതൽ പ്രാവർത്തികമാക്കുവാൻ ജി.എസ്.ടി കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ ചരക്കുനീക്കവും ഇ-വേ ബില്ലും പരിശോധന കാര്യക്ഷമമാക്കുന്നതിലേക്കായി പരീക്ഷണാടിസ്ഥാനത്തിൽ ANPR സംവിധാനം സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ